പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283 | 21.06.2013 ൽ മറുപടിയ്ക്ക് |
| ആദിവാസി മേഖലകളിൽ പോഷകാഹാര വിതരണം | |
| ചോദ്യം | ഉത്തരം |
| ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു<br>" ജോസ് തെറ്റയിൽ<br>" മാത്യു റ്റി തോമസ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടി, അഗളി തുടങ്ങിയ ആദിവാസി മേഖലകളിൽ ഉളള അംഗൻവാടികളിൽ രണ്ടു വർഷ കാലത്തോളം പാലും മുട്ടയും പഴവും വിതരണം ചെയ്തിരുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എന്ത് കാരണത്താലാണ് വിതരണം ചെയ്യാതിരുന്നത്; വ്യക്തമാക്കാമോ; | (ബി) വികേന്ദ്രീകാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തിയപ്പോൾ സംഭവിച്ച ഭരണപരമായ ചില വീഴ്ചകൾ കാരണമാണ് അംഗൻവാടികളിലെ ഭക്ഷണ വിതരണത്തിൽ തടസ്സം നേരിട്ടത്. |
| (സി) ഗർഭിണികൾക്ക് പോഷകാഹാരം ലഭിക്കാത്തതാണ് ശിശുമരണങ്ങൾക്ക് ഇട നൽകിയത് എന്നു കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പോഷകാഹാരം അംഗൻവാടികളിലൂടെ നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) സാമൂഹ്യനീതി വകുപ്പ് അംഗൻവാടി ഗുണഭോക്താക്കളായ ഗർഭിണികൾ ഉൾപ്പെടെയുളളവർക്ക് ഐ.സി.ഡി.എസ് മാർഗ്ഗനിർദ്ദേശ പ്രകാരമുളള പോഷകാഹാരം യഥാസമയം നൽകുന്നുണ്ട്. എന്നിരുന്നാലും നവജാത ശിശുമരണത്തിൽ ഗർഭിണികളുടെ ന്യൂനപോഷണം പല ഘടകങ്ങളിൽ ഒരു ഘടകമായി നിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പുമായി സംയോജിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുവാനും "At risk" ആയ ഗർഭിണികളെ കണ്ടെത്തി മെഡിക്കൽ കെയർ, അധികപോഷണം എന്നിവ നൽകുവാനും നടപടി എടുത്തു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ